LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

217 (1587) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മൃഗചികിത്സ, മൃഗശുശ്രൂഷ തുടങ്ങിയവയിൽ ഏർപ്പെടുന്ന മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മൃഗങ്ങളിൽനിന്നും ആക്രമണം നേരിടേണ്ടിവരാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്രകാരം സംഭവിക്കുമ്പോൾ ഇവരുടെ ചികിത്സാ ചെലവുകൾ തുടങ്ങിയ കാര്യങ്ങൾക്ക് ധനസഹായം നൽകാറുണ്ടോയെന്ന വ്യക്ത മാക്കുമോ ;

(ബി) കന്നുകാലികളിൽനിന്നും മറ്റ് വളർത്തുമൃഗങ്ങളിൽ നിന്നും ആക്രമണം നേരിടേണ്ടിവരുന്ന മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇവർക്കുവേണ്ടി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിലെ ജീവനക്കാർക്ക് മൃഗങ്ങളിൽ നിന്നും ആക്രമണം നേരിടേണ്ടി വന്നാൽ ചികിത്സാചെലവുകൾക്ക് പ്രത്യേകമായി ധനസഹായം അനുവദിക്കാറില്ല. മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുന്നകാര്യം പരിഗണനയിലാണ്.

ഗോവർദ്ധിനി പദ്ധതി

218 (1588) ശ്രീ. പാലോട് രവി :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗോവർദ്ധിനി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ക്ഷീരകർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പദ്ധതിയിൽ, ക്ഷീരകർഷകരുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും വിഹിതം എത്ര വീതമാണെന്ന് വിശദമാക്കുമോ ;

(ഡി) ഗോരക്ഷാ പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് തുടരുന്നുണ്ടോയെന്നറിയിക്കുമോ ?

ഉത്തരം

(എ)

1. കന്നുകുട്ടികൾക്ക് സമഗ്ര ആരോഗ്യ സംരക്ഷണം നൽകുക

2. ആരോഗ്യമുള്ള ഒരു കന്നുകുട്ടി പ്രായമാകുന്നത് 15 മാസത്തിൽ കവിയാതിരിക്കുക

3. ആദ്യപ്രസവം 24 മാസത്തിനും 26 മാസത്തിനുമിടയ്ക്ക് തന്നെ നടക്കുക

4. രണ്ടുപ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക, അതായത് 13 മാസത്തിൽ കവിയാതിരിക്കുക

5. സങ്കരയിനം കന്നുകാലികളുടെ ഒരു പ്രസവത്തിലെ പാലുൽപ്പാദന ശേഷി മുഴവനും പ്രയോജനപ്പെടുത്തുക

6. ഇപ്പോൾ നിലവിലുള്ള ഉൽപ്പാദനശേഷി കുറഞ്ഞ പശുക്കൾക്ക് പകരം അത്യുൽപ്പാദന ശേഷിയുള്ള പശുക്കളുടെ ഒരു തലമുറ ഉൽപ്പാദിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക

7. കേരളത്തിലെ ആകെ പാലുൽപ്പാദനം വർദ്ധിപ്പിക്കുക.

(ബി) കർഷകർക്ക് പശുവളർത്തലിൽ വിദഗ്ധ പരിശീലനം, പുൽകൃഷി പ്രോത്സാഹനം, ഇൻഷ്വറൻസ് പരിരക്ഷ, തീറ്റ, ആരോഗ്യ പരിരക്ഷ എന്നീ ആനുകൂല്യങ്ങളാണ് ഗോവർദ്ധിനി പദ്ധതി പ്രകാരം കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

(സി) മൊത്തം തുകയുടെ പകുതി വിഹിതം സംസ്ഥാന സർക്കാരും ബാക്കി പകുതി കർഷകനുമാണ് വഹിക്കുന്നത്. കേന്ദ്രസർക്കാരിൽ നിന്നും വിഹിതമില്ല. സംസ്ഥാന വിഹിതം 12,500 രൂപയും ഗുണഭോക്തൃ വിഹിതം 12,500 രൂപയുമാണ്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly